മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ പി. ശങ്കരമേനോൻ: മില്ലുടമസ്ഥന്മാരുടേയും, കച്ചവടക്കാരുടേയും പ്രതിനിധികളായിട്ട് എത്രപേർ ഉണ്ടായിരുന്നു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉദ്യോഗസ്ഥന്മാരൊഴിച്ചു മറവുള്ളവർ അഞ്ചിനെയുള്ളവരായിരുന്നു.

മിസ്റ്റർ പി. ശങ്കരമേനോൻ: അപ്പോൾ ആ കോൺഫറൻസിലെ തീരുമാനം മുഴുവൻ അവരുടെ അഭിപ്രായമനുസരിച്ചായിരുന്നില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ കോൺഫറൻസിൽ കച്ചവടക്കാരും, മില്ലുകാരും ഉണ്ടായിരുന്നു.

മിസ്റ്റർ പി. കെ. ഡിവർ: ഡികൺട്രോൾവരുന്നതിനു തലേദിവസം മുമ്പ് എത്ര എണ്ണ ഉണ്ടായിരുന്നുവൊ അത്രയും എണ്ണ കൺട്രോൾ വിലക്കു കൊടുക്കുവാനാണ് ആർഡർ എന്നു പറഞ്ഞുവല്ലൊ. അതു മുഴുവൻ ഡിസ്ട്രിബ്യൂട്ടുചെയ്തുവോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു മുഴുവനായിട്ടുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ൪ ൦ ൦ ടൺ വെളിച്ചെണ്ണ ഡി കൺട്രോൾ ചെയ്ത അവസരത്തിൽ, ഉണ്ടായിരുന്നതു് ഗവൺമെണ്ടിന്റെയും മില്ലുകാരുടേയും പക്കലുണ്ടായിരുന്നതെല്ലാംകൂടിയല്ലല്ലോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എല്ലാംകൂടിയാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതിൽ കൊപ്ര കണക്കാക്കീട്ടുണ്ടൊ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉത്തരം വെളിച്ചെണ്ണയെപറ്റിയാണ്.

മിസ്സിസ് ടി. ഫ്രാൻസീസ്: ആ ൪ ൦ ൦ ടൺ വെളിച്ചെണ്ണ ഇപ്പോഴും Distribtute ചെയ്യുവരികയാണോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: Distribute ചെയ്യുകയുണ്ടായി.

Mr. President: Next question.

NEWSPAPER REPORT REGARDING THE T. A. OF THE MINISTER FOR FOOD AND EDUCATION

138. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) വിദ്യാഭ്യാസ മന്ത്രിയുടെ ഡൽഹിയാത്ര സംബന്ധിച്ചു കൊച്ചിയിൽനിന്നും കേന്ദ്രഗവൺമെണ്ടിൽനിന്നും ടി. എ. വാങ്ങുന്നതായി സൂചിപ്പിച്ചുകൊണ്ടുള്ള മദ്ധ്യ പത്രറിപ്പോർട്ട് ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ സത്യാവസ്ഥ എങ്ങിനെയാണെന്നുള്ളതു വെളിപ്പെടുത്തുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉണ്ട്.

(ബി) ഇന്ത്യൻ ഭരണഘടനാനിർമ്മാണ സമിതിയിൽ അംഗങ്ങളായിട്ടുള്ളവർക്കു പ്രസ്തുത സമിതിയുടെ യോഗങ്ങളിൽ ഹാജരാവുന്നതിനോ, അംഗങ്ങളെന്ന നിലയിൽ ഉള്ള മറ്റേതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനോ വേണ്ടിവരുന്ന യാത്രച്ചിലവുകൾ പ്രസ്തുത സമിതി വഹിക്കുന്നതാണ്. വിദ്യാഭ്യാസമന്ത്രി ൧൯൪൯ നവമ്പർ ൨൪-ാംനു-ക്കും ൧൯൫൦ മാർച്ച് ൨-ാംനു-ക്കും മദ്ധ്യേ നടത്തിയിട്ടുള്ള രണ്ടു ഡൽഹിയാത്രകളും കൊച്ചിയുടെ പ്രതിനിധി പ്രസ്തുത സമിതിയിലേക്കു ക്ഷണിക്കപ്പെട്ടതിനുമുമ്പും, ഈ ഗവർമ്മെണ്ടിനുവേണ്ടിയും നടത്തിയിട്ടുള്ളതാണ്. ആ രണ്ടു യാത്രകൾക്കും വേണ്ടിവന്ന ചിലവുകൾ പ്രസ്തുത സമിതിയിൽനിന്നും കിട്ടുന്നതല്ല. അതുകൊണ്ട് ആ ചിലവുകൾ കൊച്ചി ഗവൺമെണ്ടിൽനിന്നും വിദ്യാഭ്യാസ മന്ത്രി വാങ്ങിയിട്ടുണ്ട്. ൧൯൫൦ ഏപ്രിൽ ൨൯-ാംനു-ക്കും ജൂലൈ ൨൪-ാംനു-ക്കും മദ്ധ്യേ നടത്തിയിട്ടുള്ള നാലു ഡൽഹിയാത്രകളും പ്രസ്തുത സമിതിയുടെ അംഗമെന്ന നിലയിൽ നടത്തിയിട്ടുള്ളതും അതിനു വേണ്ടിവന്ന ചിലവുകൾ പ്രസ്തുത സമിതിയിൽനിന്നും കിട്ടുന്നതുമാകുന്നു. അതുകൊണ്ടു ആ നാലു യാത്രകൾക്കും കൊച്ചിഗവൺമെണ്ടിൽനിന്നും യാത്രച്ചിലവു് വിദ്യാഭ്യാസ മന്ത്രി വാങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

139. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവ ൺമെണ്ട ദയവായി മറുപടി പറയുമോ.—

(എ) ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ കോൺസ്റ്റിറ്റ്യൂവൻസി അസംബ്ലിയിൽ സംബന്ധിക്കുവാൻ ഡൽഹിയിലേക്ക പോകുന്നതിനു കൊച്ചി ഗവൺമെണ്ടിന്റേയും ഇൻഡ്യാഗവൺമെണ്ടിന്റേയും വകയായി ബത്തകൾ വാങ്ങുന്നുണ്ടെന്നുള്ള ആക്ഷേപം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടകയുണ്ടായിട്ടുണ്ടോ;

(ബി) ആക്ഷേപം ശരിയാണോ;

(സി) അല്ലെങ്കിൽ ഗവൺമെണ്ട് അതിനെ നിഷേധിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉണ്ട്.

(ബി) ശരിയല്ല.

(സി) ഇല്ല.

മിസ്റ്റർ എം. കെ. തോമക്കുട്ടി: ഭരണഘടനാ നിർമ്മാണസമിതിയിൽ അംഗമായതിനു ശേഷം നമ്മുടെ കൊച്ചി രാജ്യത്തിനുണ്ടായിട്ടുള്ള നേട്ടങ്ങളുടെ ചുരുക്കം ഒന്നു പറയുവാൻ ദയവുണ്ടാകുമോ?

Mr. P.K. Dewar: *(Nominated)* Does that arise Sir.

Mr. President: This relates to the travelling allowance. It does not arise.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: തെറ്റായിട്ടുള്ള പത്ര റിപ്പോർട്ട നിഷേധിക്കാതിരിക്കുവാൻകാരണം തെറ്റായിട്ടുള്ള ആ റിപ്പോർട്ടിനും അത്ര പ്രാധാന്യമില്ലെന്നു കരുതീട്ടാണോ?

Mr. P. Govindia Menon: *(Food and Eduction)* That report will be discredited by the very inherent absurdity, the Government thought.

മിസ്റ്റർ എം. കെ. തോമക്കുട്ടി: തീവണ്ടിയാത്രയും വിമാനയാത്രയും തമ്മിൽ ക്ലേശിനിരക്ക എത്രകണ്ട വ്യത്യാസമുണ്ട്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തീവണ്ടി ഭൂമിയിൽക്കൂടിയും വിമാനം ആകാശത്തിൽക്കൂടിയും പോകുന്ന വ്യത്യാസമുണ്ട്.

മിസ്റ്റർ പ്രസിഡണ്ട്: ചിലവിന്റെ വ്യത്യാസമില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ചിലവിന്റെ വ്യത്യാസമുണ്ട്.

മിസ്റ്റർ എം. കെ. തോമക്കുട്ടി: തീവണ്ടിയിൽ പോകുന്നതിനൊ വിമാനത്തിൽ പോകുന്നതിനൊ അധികം ചാർജ്ജാകുന്നതു് എന്നാണു് ചോദിക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്റെ കാര്യം ശരിയാണെങ്കിൽ വിമാനത്തിൽ മദ്രാസിൽനിന്നു ഡൽഹിയിലേക്ക പോകും. തീവണ്ടിക്ക എന്താണെന്നറിഞ്ഞുകൂടാ.

മിസ്റ്റർ കെ. എ. രാഘവൻ: ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ചതിൽനിന്നു, തീവണ്ടിയാത്ര ഭൂമിയിൽക്കൂടിമാത്രമാണെന്നും വിമാനയാത്ര ആകാശത്തിൽക്കൂടിമാത്രമാണെന്നുമുള്ളവ്യത്യാസംമാത്രമാണൊ മന്ത്രി മനസ്സിലാക്കിയിട്ടുള്ളതു്? (ചിരി)

Mr. President. That was only a humourous hit. That need not form the subject matter of further questions.

മിസ്റ്റർ എം. കെ. തോമക്കുട്ടി: നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി കൊച്ചിരാജ്യത്തിന്റെ പുരോഗമനത്തിനായി വളരെ പരിശ്രമിക്കുന്ന ആളാകയാൽ ദീർഘായുസ്സു വർദ്ധിച്ചുകിട്ടുന്നതിനു വായുവിൽ കൂടിയുള്ള യാത്ര നിറുത്തിവെച്ചു സാധാരണയുള്ള യാത്രചെയ്യുവാൻ ദയവുണ്ടാകുമോ?

Mr. President: That is not seeking information.

മിസ്റ്റർ എം. ഐ. പോൾ: ബഹുമാനപ്പെട്ട മന്ത്രി ഡൽഹിയിലേക്ക നടന്നുപോയിരുന്നാൽ ഇതിലും ലാഭമല്ലേ?

മിസ്റ്റർ കെ. എ. രാഘവൻ: ഈ രണ്ടു യാത്രക്കുംകൂടി എത്ര സംഖ്യ വാങ്ങിയിട്ടുണ്ട്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസുകൂടാതെ പറയുവാൻ സാദ്ധ്യമല്ല.

Mr. President: No. These are unnecessary questions and cannot be allowed.

LIBRARY ARCHIVES Kerala Legislative Assembly